പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4234.

17.05.2017 - ൽ മറുപടിയ്ക്ക്

## പിങ്ക് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സ്ത്രീസുരക്ഷ മുൻനിർത്തി സംസ്ഥാനത്ത് ആരംഭിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (എ) സ്ത്രീ സുരക്ഷ മുൻനിർത്തി സംസ്ഥാനത്ത് ആരംഭിച്ച പിങ്ക് പോലീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കേരളാ പോലീസ്, നഗരങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. ഇതിലേയ്ക്ക് പ്രത്യേകം പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. തിരക്കുള്ള സമയങ്ങളിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിലും മറ്റു പ്രൈവറ്റ് ബസ്സുകളിലും യൂണിഫോമിൽ സഞ്ചരിച്ച് യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് മികച്ച സുരക്ഷ ഉറപ്പാക്കുക, സ്ത്രീകളുടെയും വികലാംഗരുടെയും സീറ്റിലിരുന്ന് യാത്ര ചെയ്യുന്നത് തടയുക, ബസ്സിലും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം ഒഴിവാക്കുക തുടങ്ങിയവയൊക്കെ ഇതിൽ പെടുന്നു. ഇതിലേയ്ക്കായി പൂർണ്ണമായും സജ്ജീകരിച്ച പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ടോൾ ഫ്രീ നമ്പർ ആയ 1515-ലേയ്ക്ക് ഏതൊരു വ്യക്തിക്കും |

സ്ത്രീ സുരക്ഷയെ സംബന്ധിച്ച് പ്രശ്നങ്ങൾ വിളിച്ചറിയിക്കാവുന്നതാണ്. അത്തരം വിവരങ്ങൾ കൺട്രോൾ റൂമിൽ ലഭിച്ചാലുടൻ ബന്ധപ്പെട്ട പിങ്ക് പോലീസ് പട്രോൾ വാഹനങ്ങളിലെ ഉദ്യോഗസ്ഥരെ അറിയിച്ച് സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പിങ്ക് പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

(ബി) പിങ്ക് പോലീസിന്റെ പ്രവർത്തനം എല്ലാ പോലീസ് ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനു പുറമെ ഈ സംവിധാനത്തിലൂടെ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന്റെ ഭാഗമായി വാഹനങ്ങളിൽ നൂതന സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംവിധാനം നിലവിലുള്ള ജില്ലകളിലെ പ്രധാനപ്പെട്ട ബസ് സ്റ്റോപ്പുകൾ, വാണിജ്യ മേഖലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, പാർക്കുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പിങ്ക് പട്രോൾ വാഹനങ്ങൾ പട്രോളിംഗ് നടത്തി വരുന്നതും സ്ത്രീ സുരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകി വരുന്നതുമാണ്. കൂടാതെ, ഇവരുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥന്മാർ പരിശോധിച്ച് കാര്യക്ഷമമാണോ എന്ന് ഉറപ്പുവരുത്തുന്നുണ്ട്.

Rajani M

സെക്ഷൻ ഓഫീസർ